File No.LBRD-F3/466/2018-LBRD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

നമ്പർLBRD-F3/466/2018-LBRD

10/06/2019,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ 7-ാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട് സ് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 24.05.2019 ലെ ബി2-24114/2018/ഡി.ഐ.എം.എസ് നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ ഏഴാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകരിച്ച മിനിട് സിന്റെ പകർപ്പ് അനന്തരനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
**ആർ എസ് രൂസി**
**അണ്ടർ സെക്രട്ടറി**
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

**21.02.2019 ൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പ് ഡയറക്ടറേറ്റിൽ വച്ച് നടന്ന ഏഴാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിന്റെ 7-ാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ കോൺഫറൻസ് ഹാളിൽ വച്ച് 21.02.2019 വൈകുന്നേരം 3 മണിക്ക് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

6-ാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ അവതരിപ്പിക്കുകയും കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. തുടർന്ന് യോഗതീരുമാനപ്രകാരം സ്വീകരിച്ച തുടർനടപടികൾ വകുപ്പ് ഡയറക്ടർ വിശദീകരിക്കുകയും ചെയ്തു. മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ P P P മോഡിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ നിരസിച്ചതായും, വിളക്കുടി, വടവാതൂർ എന്നീ ഇ.എസ്.ഐ ഡിസ്പെൻസറികൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചതായും, കട്ടപ്പന, മുക്കം എന്നീ പുതിയ ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിച്ചതായും ഡയറക്ടർ അറിയിച്ചു.

**യോഗ തീരുമാനങ്ങൾ**

(a) സംസ്ഥാനത്ത് നിലവിലുള്ള 145 ഇ.എസ്.ഐ ഡിസ്പെൻസറികളിൽ രോഗികളുടെ ഐ.പി സ്റ്റാറ്റസ് താരതമ്യേന കുറവായതും, ഇ.എസ്.ഐ പോളിസി പ്രകാരം 20 കിലോമീറ്റർ ചുറ്റളവിൽ മറ്റ് ഇ.എസ്.ഐ ഡിസ്പെൻസറികൾ ഉള്ളതിനാലും 7 ഇ.എസ്.ഐ ഡിസ്പെൻസറികളെ സമീപത്തുള്ള സ്ഥാപനങ്ങളുമായി ലയിപ്പിക്കാവുന്ന പ്രൊപ്പോസൽ കമ്മിറ്റി അംഗീകരിച്ചു. ഇതോടൊപ്പം ഒ.പിയിൽ കൂടുതൽ രോഗികൾ എത്തുന്നതും ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതുമായ മറ്റ് സ്ഥാപനങ്ങളിലേക്ക് ജീവനക്കാരെ പുനർവിന്യാസം വഴി നിയമിക്കേണ്ടതാണെന്നും കമ്മിറ്റി കണ്ടെത്തി.

ഇക്കാര്യത്തിൽ വ്യക്തമായ പ്രൊപ്പോസൽ സംസ്ഥാന സർക്കാരിന്റെ അനുമതിയ്ക്ക് നൽകുവാൻ മെമ്പർ സെക്രട്ടറിയോട് നിർദ്ദേശിച്ചു.

താഴെപ്പറയുന്ന ഇ.എസ്.ഐ ഡിസ്പെൻസറികളാണ് മതിയായ ഒ.പി സ്റ്റാറ്റസ് ഇല്ലാത്തതിനാൽ ലയിപ്പിക്കുവാനുള്ള പ്രൊപ്പോസൽ കമ്മിറ്റിയുടെ അംഗീകാരം നേടിയത്.

| Sl.No | Dispensaries to be merged | IP | OP | Dispensary to merge with | IP | OP | Distance between the ESIDs |
|---|---|---|---|---|---|---|---|
| 1 | Pattazhy | 1161 | 30 | Vilakkudy | 654 | 30 | Below 8 km |
| 2 | Mylom | 1358 | 30 | Kottarakkara | 17414 | 155 | 5 km |
| 3 | Thodiyoor | 1205 | 40 | Mynagappally | 2681 | 100 | 6 km |
| 4 | Sooranad | 831 | 30 | Poruvazhy | 1868 | 70 | 5 km |
| 5 | North Vazhakulam | 1138 | 26 | Perumbavoor | 58247 | More than 250 | 8 km |
| 6 | Parali | 600 | 25 | Palakkad | 6236 | 50 | 10 km |
| 7 | Azhikode | 2042 | 25 | Valapattanam | 2807 | 35 | 5 km |

( b ) പുതിയതായി തുടങ്ങിയ ഇ.എസ്.ഐ ഡിസ്പെൻസറികളുടെ സമീപ പ്രദേശങ്ങളിലെ സ്ഥാപനങ്ങളിൽ ഐ.പികളുടെ എണ്ണം കൂട്ടുന്നതിനായി 6 മാസത്തിനകം പരിശോധന നടത്തുന്നതിനും, തൊഴിലാളികളിൽ പദ്ധതി സംബന്ധിച്ച അവബോധമുണ്ടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചു.

**(നടപടി – റീജിയണൽ ഡയറക്ടർ)**

(c) ഒ.പി സ്റ്റാറ്റസ് കൂടുതലായതിനാൽ ജീവനക്കാരെ ആവശ്യമുള്ള ഡിസ്പെൻസറികൾ

| Sl.No | Dispensary | Doctor Type |
|---|---|---|
| 1 | Karimugal | 1 |
| 2 | Mulamkunnathukavu | 1 |
| 3 | Udyogamandal | 4 |
| 4 | Kazhakuttam | 2 |

ജീവനക്കാരുടെ അഭാവത്താൽ സുഗമമായ പ്രവർത്തനത്തെ സാരമായി ബാധിക്കുന്ന സ്ഥാപനങ്ങളിൽ പുനർവിന്യാസം നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ അനുമതിയ്ക്കായി സമർപ്പിക്കാൻ നിർദ്ദേശിച്ചു. **(നടപടി – ഡയറക്ടർ)**

(d) <u>ARM/SRM വർക്കുകൾ</u>

(I) പരിതാപകരമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴയിലെ പാതിരാപ്പള്ളി, ഫാക്ടറി വാർഡ് എന്നീ ഇ.എസ്.ഐ ഡിസ്പെൻസറികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന ഇ.എസ്.ഐ കോർപ്പറേഷനിലെ എഞ്ചിനീയറിംഗ് വിംങ് നൽകണം.

(II) സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മിക്ക ഡിസ്പെൻസറികളുടേയും സ്പെഷ്യൽ റിപ്പയർ വർക്കുകൾ വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണ്. വർക്കുകൾ അടിയന്തിരമായി ആരംഭിക്കുവാൻ കോർപ്പറേഷന്റെ ഭാഗത്തുനിന്ന് നടപടി ഉണ്ടാകണം.

(III) Imprest Money അനുവദിച്ച് ഉത്തരവുണ്ടെങ്കിലും ആശുപത്രി സൂപ്രണ്ടുമാർക്ക് തുക ഇതുവരേയും നൽകാത്തതിനാൽ അടിയന്തിര നടപടി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ നടത്തണമെന്ന് കമ്മിറ്റിയംഗങ്ങൾ നിർദ്ദേശിച്ചു.

(IV) 01.04.2019 മുതൽ ഡി.ജി. സെറ്റിന്റെ ടെൻഡർ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും, പ്രസ്തുത ടെൻഡറിന്റെ അംഗീകാരം ലഭിക്കുന്നതുവരെ കേന്ദ്ര പൊതുമരാമത്ത് വകുപ്പ് നൽകിയ എസ്റ്റിമേറ്റുകൾ അംഗീകരിക്കുകയും, തദ്വാര, ഡി.ജി. സെറ്റിന്റെ പ്രവർത്തനം മുടങ്ങാതിരിക്കുവാനുള്ള നിർദ്ദേശവും കമ്മിറ്റി നൽകി. ഒളരിക്കര ആശുപത്രിയിലെ 2018-19-ലെ ഡി.ജി. സെറ്റിന്റെ പ്രവർത്തനത്തിലുള്ള കേന്ദ്ര പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ ഡിവിഷന്റെ എസ്റ്റിമേറ്റ് സാധൂകരിക്കുകയും ചെയ്തു.

| DETAILS OF ANNUAL REPAIR AND MAINTENANCE OF DG SETS OF ESI INSTITUTIONS IN THE STATE | | | | |
|---|---|---|---|---|
| Sl.No. | Name of Hospital/ Dispensary | ARM | Name of Agency | Estimate Amount |

| | | | | |
|---|---|---|---|---|
| 1 | ESI Hospital, Olarikkara | Annual Repair & Maintenance and Operation of Pump Set, DG Set, I/C IEI to ESI Hospital, at Olarikkara, Thrissur for the year 2018-19 | Central Public Works Department | ` 17,20,912/- |
| 2 | ESI Hospital, Peroorkada | Maintenance of Electrical Installation and fans including RMO 62.5 KVA D.G.Set in ESI Hospital and Residential Quarters at Peroorkada during 2019-2020 | " | ` 15,30,650/- |
| 3 | ESI Hospital, Vadavathoor | Maintenance of Electrical Installation and fans including RMO 62.5 KVA D.G.Set in ESI Hospital and Residential Quarters at Vadavathoor during 2019-2020 | " | ` 16,22,650/- |
| 4 | ESI Hospital, Feroke | Annual Repair & Maintenance and Operation of D.G Set, Pump Sets etc. at ESI Hospital and Staff Quarters at Feroke during 2019-2020 | " | ` 24,38,492/- |

(e) പരിതാപകരമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന താഴെപറയുന്ന സ്ഥാപനങ്ങൾക്ക് പുതിയ വാടകക്കെട്ടിടങ്ങൾ കണ്ടെത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. അതിനുള്ള കത്ത് ഇ.എസ്.ഐ കോർപ്പറേഷന് നൽകുവാൻ കമ്മിറ്റി മെമ്പർ സെക്രട്ടറിയോട് നിർദ്ദേശിച്ചു.

Kazhakuttam, Kilimanoor, Mylom, Mannar, Ottapalam, Azhikode, Kanjikode

**(നടപടി – ഡയറക്ടർ, റീജിയണൽ ഡയറക്ടർ)**

II. **<u>മരുന്നുകളുടെ ലഭ്യത</u>**

റേറ്റ് കോൺട്രാക്ടിൽ നിന്ന് ലഭിക്കാത്ത സാഹചര്യത്തിലും, അടിയന്തിരഘട്ടങ്ങളിലും, മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ലോക്കൽ പർച്ചേസ് നടത്തുവാനുള്ള ആശുപത്രി സൂപ്രണ്ടുമാരുടെയും ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാരുടെയും അധികാരപരിധി ഉയർത്തുന്നതിന് തീരുമാനിച്ചു. പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുന്നതിന് കമ്മിറ്റി ഡയറക്ടറെ ചുമതലപ്പെടുത്തി.

| Designation | Existing | Proposed |
|---|---|---|

| | | |
|---|---|---|
| Hospital Superintendents | ` 8,000/- without observing Store Purchase Rules.<br><br>` 15,000/- observing Store Purchase Rules. | ` 15,000/- without observing Store Purchase Rules.<br><br>` 50,000/- observing Store Purchase Rules. |
| Insurance Medical Officers | ` 4,000/- without observing Store Purchase Rules.<br><br>` 7,000/- observing Store Purchase Rules. | ` 10,000/- without observing Store Purchase Rules.<br><br>` 25,000/- observing Store Purchase Rules. |

(നടപടി – ഡയറക്ടർ)

III. ആശുപത്രികളിൽ ആവശ്യമായ സ്പെഷ്യലിസ്റ്റുകളുടെ സേവനം ഉറപ്പാക്കുന്നതിനു വേണ്ടി സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കണമെന്നും ഇ.എസ്.ഐ കോർപ്പറേഷന്റെ പുതിയ നയമനുസരിച്ച് എംപാനൽ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്താമെന്നും ഇതിലൂടെ ആശുപത്രികളിലെ Bed occupancy കൂട്ടാനും, പുറമെയുള്ള റഫറൻസുകളുടെ എണ്ണം കുറക്കാമെന്നും യോഗം വിലയിരുത്തി. നടപടി ഡയറക്ടർ തലത്തിൽ സർക്കാരിന് നൽകേണ്ടതാണെന്ന് കമ്മിറ്റി നിർദ്ദേശിച്ചു.

IV. Primary Care, Secondary Care എന്നിവയ്ക്ക് ഒരു മാനദണ്ഡവും നിശ്ചയിക്കേണ്ടതില്ലെന്ന് നാഷണൽ ബോർഡ് മെമ്പർ ശ്രീ.വി.രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. റോഡപകടം, പാമ്പുകടി തുടങ്ങിയ അത്യാവശ്യഘട്ടങ്ങളിൽ എംപാനൽഡ് ചെയ്ത ആശുപത്രികളിലാണ് ചികിത്സ തേടുന്നതെങ്കിൽ 48/72 മണിക്കൂറിനുള്ളിൽ ആശുപത്രി സൂപ്രണ്ടുമാരിൽ നിന്നും റഫറൻസ് വാങ്ങിയാൽ ക്യാഷ് ലെസ് ചികിത്സ ലഭ്യമാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ യോഗം മെമ്പർ സെക്രട്ടറിയോട് ആവശ്യപ്പെട്ടു. (നടപടി – ഡയറക്ടർ)

V . ഓരോ ആശുപത്രിയിൽ നിന്നും നൽകുന്ന സ്പെഷ്യലിറ്റി/സൂപ്പർ സ്പെഷ്യലിറ്റി കേസുകളെ സംബന്ധിച്ചുള്ള റിപ്പോർട്ട് ഡയറക്ടർക്കും ഇ.എസ്.ഐ കോർപ്പറേഷനും നൽകേണ്ടതാണെന്ന് തീരുമാനിച്ചു.

V I . എംപാനലിനുവേണ്ടി അപേക്ഷ സമർപ്പിച്ചതും ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാരുടെ അനുകൂല റിപ്പോർട്ട് ലഭിച്ചതുമായ താഴെപറയുന്ന സ്ഥാപനങ്ങളെ കൂടി എംപാനൽ ചെയ്യുന്നതിന് തീരുമാനിച്ചു.

## LIST OF HOSPITALS EMPANELLED FOR SPECIALITY TREATMENT

## AS PER STATE EXECUTIVE COMMITTEE HELD ON 21.02.2019

| Sl.No. | Name of Hospital | Specialty |
|---|---|---|
| **Thiruvananthapuram** | | |
| 1 | Al-Arif Hospital, Thiruvananthapuram | Orthopaedic (Joint Replacement), General Surgery, ENT, Radiology, Gynaecology. |
| 2 | HIND LABS, Thiruvananthapuram | Medical lab, 4D Ultrasound Scan & Color Doppler, Fetal Scan & Procedure, Amniocentesis, TMT/ECG/PFT, 2D ECHO, Anomaly Scan, Digital X-ray. |
| 3 | Attukal Bhagavathy Trust Hospital, Thiruvananthapuram | Medicine, Surgery, Gynaec & Obstetrics, Paediatrics, ENT, Orthopaedics, Psychiatry, Emergency ICU, Post Anaesthesia Care Unit, Knee Replacement Surgery. |
| 4 | Bio Care CT Scan Centre, Sasthamangalam, Thiruvananthapuram | CT Scan, HRCT |
| **Pathanamthitta** | | |
| 5 | Josco Multi Specialty Hospital, Pandalam | Medicine, General Sugery, Obstetrics & Gynaecology, Paediatrics, Neonatology, Psychiatry, Orthopaedics, ENT, Physiotherapy, Emergency & Casualty, Trauma Care Unit, ICCU, CCU. |
| **Ernakulam** | | |
| 6 | St.Joseph's Hospital Trust, Manjummal, Kochi | MRI, CT, USG, Orthopaedic |
| 7 | Lotus Eye Hospital, Ernakulam | General Ophthalmology, Retina Clinic, Glaucoma Clinic, Refractive Clinic, Paediatric Ophthalmology, Cataract Clinic. |
| **Alappuzha** | | |

| | | |
|---|---|---|
| 8 | Muthoot Diagnostics | MRI, Spiral CT, Color Doppler, Ultra Sound Scan, ECG & Fully Computerised Lab. |
| 9 | Alappuzha Health Park Medical Centre | Lab, Radiology (Ultra Sound, Digital X-ray & ECHO) |
| **Thrissur** | | |
| 10 | Rohini Hospital, Thrissur | Paediatric, Neonatal Care, Obstetrics & Gynaecology, Orthopaedic, ENT, General Medicine. |
| **Malappuram** | | |
| 11 | Alsalama Eye Hospital, Perinthalmanna | Ophthalmology |
| **Kozhikode** | | |
| 12 | PVS Hospital, Calicut | General Medicines, Ortho, Paediatric, ENT, Psychiatry, Dermatology, USS & Doppler. |
| **Kannur** | | |
| 13 | Payyannur Co-Operative Hospital | Surgery, Medicine, Ophthalmology, Paediatrics, ENT, Radiology, Ortho, Gynaecology & Psychiatry |

(നടപടി – ഡയറക്ടർ)

VII. എംപാനൽ ചെയ്തിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് കാലാവധി പുതുക്കി നൽകിയ ഡയറക്ടറുടെ നടപടി സാധൂകരിച്ചു.

Amala Hospital, Thrissur 01.08.2018 to 31.07.2020

Bharath Hospital, Kottayam 01.11.2018 to 31.10.2020

KMCT, Kozhikode 17.07.2018 to 16.07.2020

DM Wayanad 05.10.2018 to 04.10.2020

VIII. ആയുർവ്വേദ ചികിത്സയ്ക്ക് എംപാനൽ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

I X . ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിലെ സി.ടി സ്കാൻ മെഷീനുള്ള CMC (Comprehensive Maintenance Contract) തുക സമാന രീതിയിലുള്ള മറ്റ് സ്ഥാപനങ്ങളിലെ തുകയുമായി താരതമ്യം ചെയ്തതിന് ശേഷം പരിഗണിക്കാൻ തീരുമാനിച്ചു. (നടപടി – ഡയറക്ടർ)

## മറ്റ് പ്രധാന കാര്യങ്ങൾ

( 1 ) എറണാകുളം ഇ.എസ്.ഐ ആശുപത്രി 1 0 0 കിടക്കകളായി ഉയർ ത്തുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ പൂർത്തിയാക്കിയാൽ കൂടുതൽ രോഗികളെ കിടത്തി ചികിത്സിക്കുവാനും തുടർന്ന് റഫറൻസ് കുറയ്ക്കുവാനും സാധിക്കുമെന്ന് ഡയറക്ടർ അറിയിച്ചു.

( 2 ) എല്ലാ ആശുപത്രികളിലും ഐ.സി യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ PIP-യിൽ സമർപ്പിച്ചിട്ടുള്ളതാണെന്ന് അറിയിച്ചു.

(3) റഫറൻസ് സെൽ, മെഡിക്കൽ കോളേജുകളുമായിട്ടുള്ള Tie-up എന്നിവയ്ക്കുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണെന്ന് ഡയറക്ടർ അറിയിച്ചു.

## അനുബന്ധം -1

## 7th State Executive Committee meeting (21.02.2019)

**പങ്കെടുത്തവർ**

| Sl.No. | Name & Designation |
|---|---|
| 1 | ഡോ. ആഷ തോമസ്,<br>അഡീഷണൽ ചീഫ് സെക്രട്ടറി |
| 2 | ഡോ. അജിത നായർ.ആർ,<br>ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ |
| 3 | ശ്രീ.സി.വി.ജോസഫ്,<br>അഡീഷണൽ കമ്മീഷണർ & റീജിയണൽ ഡയറക്ടർ |
| 4 | ശ്രീ.വി.രാധാകൃഷ്ണൻ, മെമ്പർ, ഇ.എസ്.ഐ.സി |
| 5 | ഡോ.രാജേഷ് ഡൊമിനിക്, സ്റ്റേറ്റ് മെഡിക്കൽ ഓഫീസർ |

| | |
|---|---|
| 6 | ശ്രീ.പ്രശാന്ത്.ഡി,<br><br>ഡെപ്യൂട്ടി ഡയറക്ടർ ഇ.എസ്.ഐ കോർപ്പറേഷൻ സബ് റീജിയണൽ ഓഫീസ്, തിരുവനന്തപുരം |
| 7 | ശ്രീ.എൻ. പത്മലോചനൻ, മെമ്പർ |
| 8 | ഡോ.ആർ.ഇ.ഗ്ലാസ്റ്റിൻ,<br><br>റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,<br><br>ദക്ഷിണ മേഖല, കൊല്ലം |
| 9 | ഡോ.ചന്ദ്രമതി കരുണാകരൻ.എ,<br><br>സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, എറണാകുളം |
| 10 | ഡോ.എസ്.ലേഖ,<br><br>റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,<br><br>(മദ്ധ്യമേഖല) (ഇൻ - ചാർജ്) |
| 12 | ശ്രീ.അനിൽ എൻ.റ്റി,<br><br>ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,<br><br>ബിൽഡിംഗ് സ്, പി.ഡബ്ല്യൂ.ഡി |